## കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതി

24 (4059) ശ്രീ. ഇ ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര കുടുംബങ്ങളുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ജില്ലയിൽ 2012-13, 2013-14, 2014-15 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞതെന്നും കൂലിയിനത്തിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്നും മണ്ഡലം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ)

| ക്രമ നമ്പർ | നിയോജകമണ്ഡലത്തിന്റെ പേര് | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ |
|---|---|---|
| 1 | മഞ്ചേശ്വരം | 17523 |
| 2 | കാസർഗോഡ് | 15704 |
| 3 | ഉദുമ | 30434 |
| 4 | കാഞ്ഞങ്ങാട് | 28473 |
| 5 | തൃക്കരിപ്പൂർ | 32932 |
| | ആകെ | 125066 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കൊട്ടാരക്കര മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

25 (4060) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

859/2017.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ പ്രവർത്തനം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടോ ; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്നത് ?

ഉത്തരം

(എ-സി) അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു.*

## തൊഴിലുറപ്പ് പദ്ധതി മിനിമം വേതന വർദ്ധന

**26 (4061)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പുപദ്ധതി പ്രകാരം തൊഴിൽ ചെയ്യുന്നവരുടെ വേതനം മിനിമം വേജസ് നിയമപ്രകാരം 320 രൂപയായി ഉയർത്തി നൽകുന്നകാര്യം പരിഗണിക്കുമോ ;

(ബി) മിനിമം വേജസ് നിയമപ്രകാരം വേതനം വർദ്ധിപ്പിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ ;

(സി) മിനിമം വേജസ് നിയമപ്രകാരം വേതനം നൽകണമെന്ന് ഏതെങ്കിലും കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) തൊഴിലാളികളുടെ ജോലി സമയം രാവിലെ ഒൻപത് മുതൽ നാല് വരെ ആക്കുന്നകാര്യം പരിഗണിക്കുമോ ; ഇത് നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് വിശദമാക്കാമോ ;

(ഇ) തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

(എഫ്) സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം ഇപ്പോൾ ഏതെല്ലാം ജോലികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) മത്സ്യമേഖലയേയും ക്ഷീരമേഖലയേയും തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly